ഫെബ്രുവരി മാസത്തെ വിതരണം നടന്നുവരികയുമാണ്. കൂടാതെ, പഞ്ചസാര, പാമോലിൻ എന്നിവ കൃത്യമായി വിതരണം ചെയ്യാൻ വേണ്ട നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനത്തിന് സർക്കാർ നൽകിയ ഗ്രാന്റ്

53 [2085] ശ്രീ. എം. വി. രാഘവൻ: തഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനത്തിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്ത് തുകയാണ് ഗ്രാന്റായി നൽകിയത്;

(ബി) 1990-91 വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുക അനുവദിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ സ്ഥാപനത്തിന് കൂടുതൽ ഗ്രാന്റ് അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സ്ഥാപനത്തിൽ 1987-88 സാമ്പത്തിക വർഷം മുതൽ ഗ്രാന്റായി നൽകിയ തുക ചുവടെ ചേർക്കുന്നു:

1987-88	..	..
1988-89	..	..
1989-90	..	1,00,000
1990-91	..	1,00,000

(ബി), (സി) 1990-91 വർഷത്തെ ബഡ്ജറ്റിൽ ഈ സ്ഥാപനത്തിനു 1 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുകയുണ്ടായി. ഇതിനു പുറമേ ഒരു ഗവേഷണ പ്രോജക്ടിനായി 1,13,900 രൂപ നല്കിയിട്ടുണ്ട്. ഈ സ്ഥാപനം ഇപ്പോൾ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നേരിട്ട് കീഴിലാണ് പ്രവർത്തിക്കുന്നത്.

മഞ്ചേരി ജില്ലാ ആശുപത്രിയിലെ സോഷ്യൽ സൈക്യാട്രിക് തസ്തിക

54 [2093] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ സോഷ്യൽ സൈക്യാട്രിക് തസ്തിക ഉണ്ടായിരുന്നോ;

(ബി) പ്രസ്തുത തസ്തിക ജില്ലാ ആശുപത്രിയിൽ നിന്നും മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) എവിടെയ്ക്കാണ് ഈ തസ്തിക മാറ്റപ്പെട്ടതെന്ന് വ്യക്തമാക്കുമോ; കാരണം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly